'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആന്തൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം.കെ.ഗിരീഷിന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായി നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.2489/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/11/2019

---

പരാമർശം:- 1 20.06.2019 തീയതിയിലെ സ.ഉ.(സാധാ.) നം.1266/2019/ത.സ്വ.ഭ.വ.

2 കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 25.06.2019 തീയതിയിലെ സി.-2630/2019 നമ്പർ കത്ത്.

3 07.11.2019 തീയതിയിലെ സ.ഉ.(സാധാ.) നം.2488/2019/ത.സ്വ.ഭ.വ.

<u>ഉത്തരവ്</u>

ആന്തൂർ നഗരസഭാ പരിധിയിൽ നിർമ്മിച്ച പാർത്ഥാ കൺവെൻഷൻ സെന്ററിന് ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് സംബന്ധിച്ച് M/s, പാർത്ഥ ബിൽഡേഴ്സ് ബക്കളം എന്ന സ്ഥാപനത്തിന്റെ പാർട്ണർ സാജൻ പാറയിൽ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം.കെ.ഗിരീഷിനെ പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയുണ്ടായി.

2. കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ആന്തൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം.കെ.ഗിരീഷിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്താത്ത സാഹചര്യത്തിൽ ശ്രീ.എം.കെ.ഗിരീഷിന്റെ സസ്പെൻഷൻ പിൻവലിച്ച് ടിയാനെ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡീഷണൽ സെക്രട്ടറി

പകർപ്പ്:

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചെയർമാൻ/ ചെയർപേഴ്സൺ, കാഞ്ഞങ്ങാട് നഗരസഭ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ